## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 538 — 24/10/2011-ൽ മറുപടിയ്ക്ക്

### മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻെറ സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിററയം ഗോപകുമാർ:<br>ശ്രീ. വി. എസ്. സുനിൽകുമാർ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. ഇ. കെ. വിജയൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മരുന്ന് സംഭരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി മെഡിക്കൽ കോർപ്പറേഷന് തുക അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>മരുന്ന് സംഭരണത്തിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തദ്ദേശസ്ഥാപനങ്ങൾ അടച്ചതുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | തുക അടച്ചിട്ടും യഥാസമയം തദ്ദേശസ്ഥാപനങ്ങൾക്ക് മരുന്നുകൾ നൽകാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br>കോർപ്പറേഷൻെറ അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മരുന്നുകൾ ആവശ്യപ്പെടുന്ന സാഹചര്യത്തിലും, സ്റ്റോക്കിലുള്ളതിനെക്കാൾ കൂടുതൽ മരുന്നുകൾ ആവശ്യപ്പെടുന്ന സാഹചര്യത്തിലും തദ്ദേശ സ്ഥാപനങ്ങൾക്ക് മരുന്നുകൾ നൽകാൻ കഴിയാതെ വന്നിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്കാവശ്യമായ മരുന്നുകളുടെ ലിസ്റ്റ് മുൻകൂർ ലഭ്യമാക്കാതെ തുക അടച്ച ഉടനെ മരുന്ന് ലഭ്യമാക്കാൻ സാങ്കേതികമായി ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്. |

(എ) ഉത്തരത്തിലെ പട്ടിക:

| ക്രമ നമ്പർ | വർഷം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | 2007-08 | 12.213 |
| 2. | 2008-09 | 296.488 |
| 3. | 2009-10 | 555.810 |
| 4. | 2010-11 | 383.929 |
| 5. | 2011-12 (10.2011വരെ) | 216.302 |

| | | | |
|---|---|---|---|
| | നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; | | തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും 7% സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. |
| (ഡി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻെറ സേവനം മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിന് കഴിയാതെ പോയതിൻെറ കാരണം വിശദ മാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ